"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം) കണ്ണൂർ ന് ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.465/2025/Co-Op തീയതി,തിരുവനന്തപുരം, 30-10-2025

---

പരാമർശം:-

1. സ.ഉ.(എം.എസ്)നം.76/1992/സഹ തീയതി 18/09/1992
2. സഹകരണ സംഘം രജിസ്ട്രാറുടെ 03/09/2025 ലെ പി&എം എ (1)/5785/2025 നം. കത്ത്.
3. സഹകരണ സംഘം രജിസ്ട്രാറുടെ 16.09.2025 ലെ പി&എം ബി(6) 11899/2025 നം കുറിപ്പ്
4. 04/10/2025 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
5. ഇ. അനുമതി നം. AS/COP/25/47153 Subsidy

**<u>ഉത്തരവ്</u>**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ദേശീയ സഹകരണ യൂണിയനുമായി ഉണ്ടാക്കിയ ഉടമ്പടി അനുസരിച്ച് കണ്ണൂർ സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിന് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള ചെലവിന്റെ 50% വഹിക്കുന്നത് സംസ്ഥാന സർക്കാരാണ്. അപ്രകാരം 2025-26 സാമ്പത്തികവർഷത്തിൽ ധനസഹായം അനുവദിക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ തുകയിൽ നിന്നും, സംസ്ഥാന സഹകരണ യൂണിയൻ, സർക്കിൾ സഹകരണ യൂണിയൻ, സംസ്ഥാന സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയ്ക്കുള്ള ധനസഹായ പദ്ധതി പ്രകാരം, മാച്ചിംഗ് കോൺട്രിബ്യൂഷൻ ഓഫ് റണ്ണിംഗ് കോസ്റ്റ് ഇനത്തിൽ 45.00 ലക്ഷം രൂപ (നാൽപ്പത്തഞ്ച് ലക്ഷം രൂപ മാത്രം) 2425-003-89-36 സബ്സിഡി (ശമ്പളേതരം) ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനായി

പരാമർശം (2, 3) എന്നിവ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (4) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും 04/10/2025 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, സംസ്ഥാന സഹകരണ യൂണിയൻ, സർക്കിൾ സഹകരണ യൂണിയൻ, സംസ്ഥാന സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയ്ക്കുള്ള ധനസഹായ പദ്ധതി പ്രകാരം, കണ്ണൂർ സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിന് (ഐ.സി.എം. കണ്ണൂർ) 45 ലക്ഷം രൂപ (നാൽപ്പത്തഞ്ച് ലക്ഷം രൂപ മാത്രം) ധനസഹായം മാച്ചിംഗ് കോൺട്രിബ്യൂഷൻ ഒഫ് റണ്ണിംഗ് കോസ്റ്റ് ഇനത്തിൽ 2425-003-89-36 സബ്സിഡി (ശമ്പളേതരം) ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വീണ എൻ മാധവൻ ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/219/2025)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 30-10-2025 15:25:19

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.